**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1511** **07-10-2021 - ൽ മറുപടിയ്ക്ക്**

**മിച്ചഭൂമി സർവ്വേ ചെയ്യുന്നതിന് സംയുക്ത സർവ്വേസംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ ചൂരുപാറ മലയോരമേഖലകളിലെ സ്ഥിരതാമസക്കാരും കൈവശ ഭൂമിയുള്ളവരുമായ കർഷകർ കൈവശമുള്ള ഭൂമിക്ക് പട്ടയം ഇല്ലാത്തതിനാൽ ദുരിതത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മിച്ചഭൂമി സർവ്വേ ചെയ്യുന്നതിന് സംയുക്ത സർവ്വേ സംഘത്തെ നിയോഗിച്ചത് എന്നായിരുന്നുവെന്നും സംയുക്ത സർവ്വേ സംഘത്തിന്റെ സർവ്വേഫലം എന്താണെന്നും അറിയിക്കാമോ; | (ബി) | 01/01/2018-ാം തീയതി സംയുക്ത സർവ്വേ പ്രവർത്തനം ആരംഭിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 6318/2010 നമ്പർ കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ 122 കുടിയേറ്റക്കാരുടെ കൈവശ ഭൂമി പരിശോധിക്കാൻ ഉത്തരവായതിൽ 120 കൈവശക്കാരുടെ ഭൂമി പരിശോധിക്കുകയും 101 കർഷകരുടെ കൈവശ ഭൂമി മിച്ചഭൂമിയിൽ ഉൾപ്പെടുന്നതായും 19 കൈവശങ്ങൾ വനഭൂമിയിൽ ഉൾപ്പെടുന്നതായും കണ്ടെത്തിയിട്ടുണ്ട്. |
| (സി) | നിലവിൽ സംയുക്ത സർവ്വേ സംഘത്തിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ; | (സി) | നിലവിൽ സംയുക്ത സർവ്വേ പ്രവർത്തനം നടക്കുന്നില്ല. മിച്ചഭൂമി സംയുക്ത സർവ്വേ ചെയ്യുന്നതിനായി ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിച്ച സർവ്വേയർമാരെ പാലക്കാട് ജില്ലയിലെ വിവിധ താലൂക്കുകളിൽ എൽ.ആർ.എം ജോലിക്കും വനഭൂമി കുടിയേറ്റ ക്രമപ്പെടുത്തലുമായി ബന്ധപ്പെട്ട സംയുക്ത പരിശോധനയ്ക്കും നിയോഗിച്ചതിനാലും പിന്നീട് സർവ്വേ ജോലികൾ നടന്നിട്ടില്ല. |
| (ഡി) | സംയുക്ത സർവ്വേ സംഘത്തിന്റെ നിർത്തിവെച്ച പ്രവർത്തനം പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ? | (ഡി) | സ്റ്റേറ്റ് ലാൻഡ് ബോർഡ് കാര്യാലയത്തിലെ 03/09/2021-ലെ എൽ.ബി.ഇ4-2695/21 നമ്പർ നിർദ്ദേശ പ്രകാരം അടുത്ത 3 മാസത്തിനകം ടി വിഷയത്തിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് പാലക്കാട് ഡെപ്യൂട്ടി കളക്ടർ(എൽ.ആർ)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയതിന്റെ അടിസ്ഥാനത്തിൽ യു.ടി.ടി കമ്പനി മിച്ചഭൂമി സ്ഥലം സംയുക്ത പരിശോധന പൂർത്തിയാക്കുന്നത് സംബന്ധിച്ച് 25/09/21-ൽ പാലക്കാട് ഡെപ്യൂട്ടി കളക്ടർ(എൽ.ആർ)ന്റെ നേതൃത്വത്തിൽ യോഗം ചേർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ